പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 699 **13-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിലെ നിക്ഷേപത്തിന്റെ ഫലപ്രദമായ വിനിയോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയിലെ നിക്ഷേപം വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

മറുപടി: സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ പ്രധാനമായും ചുവടെ പറയുന്ന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നത്.

സംഘങ്ങളിലെ അംഗങ്ങൾക്ക് കാർഷികം, ചെറുകിട വ്യവസായം, വ്യാപാരം തുടങ്ങിയ ഉല്പാദന മേഖലയിലെ ആവശ്യങ്ങൾക്കും ഭവന നിർമ്മാണം, വിദ്യാഭ്യാസം വനിതകൾക്കും യുവ സംരഭകർക്കും സ്വയം തൊഴിൽ, നൂതന പദ്ധതികൾ എന്നിവയ്ക്കും മിതമായ പലിശ നിരക്കിൽ വായ്പകൾ നൽകുന്നതിന് ഉപയോഗിക്കുന്നു.

അംഗങ്ങൾക്കും പൊതുജനങ്ങൾക്കും മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കു ന്നതിനായി നീതി മെഡിക്കൽസ്, ആവശ്യ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ സ്റ്റോറുകൾ, ഉത്സവ സീസണുകളിൽ വിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഉൽസവ കാല വിപണികൾ സംഘടിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു.

നിക്ഷേപമായി ലഭിക്കുന്ന തുക സർക്കാരിന്റെ പദ്ധതികളായ കെ.എസ്. ആർ.റ്റി.സി പെൻഷൻ കൺസോർഷ്യം, സാമൂഹ്യ സുരക്ഷാ പെൻഷൻ കൺസോർഷ്യം തുടങ്ങിയവയിലും നിക്ഷേപിക്കുന്നു.

ബാക്കിവരുന്ന തുക ധനസഹായ ബാങ്കായ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ